Lalith Babu

## വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷയിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കാനുള്ള ബാധ്യത (burden of proof) പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്

10.05.2010-ലെ വിവരാവകാശ അപേക്ഷ 15.05.2010-നാണ് തനിക്ക് ലഭിച്ചതെന്ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പറഞ്ഞു. എന്നാൽ അപേക്ഷ 10.05.2010-ന് തന്നെ .. ... ഗ്രാമപഞ്ചായത്തിലെ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഒപ്പിട്ടു വാങ്ങിച്ചിട്ടുള്ളതായി കമ്മീഷൻ കാണുകയുണ്ടായി. പ്രസ്തുത കൈപ്പറ്റ് രസീതിന്റെ പകർപ്പ് പരാതിക്കാരൻ കമ്മീഷന് അയച്ചു തന്നിരുന്നു. 06.07.2010-ന് പരാതിക്കാരന് ഒരു മറുപടി നൽകിയതായി പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മൊഴി നൽകി. എന്നാൽ അങ്ങനെ ഒരു മറുപടി ലഭിച്ചതായി പരാതിക്കാരൻ പറയുന്നില്ല. മറുപടി അയച്ചു എന്നത് സ്ഥാപിക്കുന്നതിനുള്ള ബാധ്യത വിവരാവകാശ നിയമം വകുപ്പ് 19(5) പ്രകാരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ്. അവർക്ക് അതിനു കഴിഞ്ഞിട്ടില്ല എന്നു കമ്മീഷൻ കാണുന്നു. പരാതിക്കാരന് വീണ്ടും വിശദമായ ഒരു മറുപടി 06.08.2010-ന് നൽകിയതായും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പറഞ്ഞു. എന്നാൽ അതിനുള്ള തെളിവുകളും ഹാജരാക്കുവാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കഴിഞ്ഞിട്ടില്ല.

10.05.2010-ന് നൽകിയ വിവരാവകാശ പ്രകാരമുള്ള അപേക്ഷയിൽ തനിക്ക് മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്നു രേഖപ്പെടുത്തിയ ഒരു കത്ത് 03.07.2010-ന് കമ്മീഷന് പരാതിക്കാരൻ വീണ്ടും സമർപ്പിച്ചിട്ടുമുണ്ട്. നിയമമനുസരിച്ച് 09.06.2010-നു മുമ്പു തന്നെ പരാതിക്കാരന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകണമായിരുന്നു. വളരെ ലളിതമായ ഒരു വിവരമാണ് പരാതിക്കാരൻ ആവശ്യപ്പെട്ടിരുന്നത് എന്നും കമ്മീഷൻ കാണുന്നു. താൻ 13.04.2010-ന് നൽകിയ പരാതിയിന്മേൽ എടുത്ത നടപടി എന്ത് എന്നുമാത്രമാണ് പരാതിക്കാരൻ ചോദിച്ചിരുന്നത്. 30 ദിവസത്തിനകം അതിനു മറുപടി നൽകാൻ തീർച്ചയായും പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കഴിയുമായിരുന്നു. വിവരാവകാശ നിയമം വകുപ്പ് 7(1) പ്രകാരം 30 ദിവസത്തിനകം വിവരം നൽകാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ബാധ്യസ്ഥയാണ്. എന്നാൽ ഈ കേസിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപ്രകാരം ചെയ്തിട്ടില്ല അതുകൊണ്ട് വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള നടപടികൾക്ക് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ വിധേയ ആക്കേണ്ടിയിരിക്കുന്നു. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം കൃത്യമായി ഈ ഉത്തരവു ലഭിച്ച് ഒരാഴ്ചക്കകം പരാതിക്കാരന് വിവരാവകാശ നിയമം വകുപ്പ് 7(6) പ്രകാരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സൗജന്യമായി നൽകണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു. വിവരാവകാശ നിയമം അനുശാസിക്കുന്നവിധമുള്ള സമയപരിധിക്കുള്ളിൽ വിവരം നൽകാത്തതിനു പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള നോട്ടീസ് അയയ്ക്കാൻ കമ്മീഷൻ ഉത്തരവാകുന്നു. നോട്ടീസ് ലഭിച്ച് 7 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിശദീകരണം നൽകേണ്ടതാണ്.

ഈ കേസ് ഇപ്രകാരം തീർപ്പാകുന്നു.

ഇന്നേ ദിവസം 2010 നവംബർ മാസം 9-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.